# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1585

05.02.2019-ൽ മറുപടിക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>ശ്രീമതി യു. പ്രതിഭ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.വി. കെ. സി. മമ്മത് കോയ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിനായി ജില്ലാതല അവലോകന യോഗങ്ങൾ 2018 നവംബർ, ഡിസംബർ, 2019 ജനുവരി മാസങ്ങളിലായി വിളിച്ച് ചേർക്കുകയും ആയതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതിയുടെ നിർവ്വഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിലുള്ള അവലോകന യോഗങ്ങളും നടന്നു വരുന്നുണ്ട്.<br>നഗരസഭകളുടെ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിന് ജില്ലാ തലത്തിലും കോർപ്പറേഷനുകളിലും പ്രത്യേകം യോഗങ്ങൾ നടത്തിയിട്ടുണ്ട്.<br>ഗ്രാമവികസന കമ്മീഷണറുടെ നേതൃത്വത്തിൽ മേഖലാതല, ജില്ലാ, ബ്ലോക്ക്‌തല അവലോകന യോഗങ്ങളും വകുപ്പ് തല അവലോകനവും നടത്തി വരുന്നുണ്ട്. |
| ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ചെലവ് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭിക്കത്തക്ക വിധത്തിൽ മാർച്ച് 31 ന് മുമ്പ് തന്നെ പദ്ധതി അംഗീകാരം നേടുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് |

നിർദ്ദേശം നൽകിയിരുന്നു. ഏപ്രിൽ 1 ന് തന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതി നിർവ്വഹണം സമയബന്ധിതവും കാര്യക്ഷമവും ആക്കുന്നതിന് ഇതു സഹായിക്കും, പദ്ധതി നിർവ്വഹണ പുരോഗതിയും നിർവ്വഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങളും അവലോകനം ചെയ്യുന്നതിനുമായി എല്ലാ ജില്ലകളിലും റിവ്യൂ മീറ്റിംഗുകൾ സംഘടിപ്പിച്ച് പദ്ധതി പുരോഗതി അവലോകനം ചെയ്തുവരുന്നുണ്ട്.

എല്ലാ നഗരസഭകൾക്കും വാർഷിക പദ്ധതി ചെലവ് കാര്യക്ഷമമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അവലോകന യോഗങ്ങൾ വിളിച്ചു ചേർക്കുകയും ചെയ്തിട്ടുണ്ട്.

2018-19 ലെ പദ്ധതി ആസൂത്രണം, അംഗീകാരം നേടൽ എന്നിവയ്ക്ക് സമയക്രമം നിശ്ചയിച്ച് നൽകുകയും ആയതിലേയ്ക്കായി സ.ഉ(കൈ)നം.11/2018/തസ്വഭവ തീയതി, 29/01/2018 പ്രകാരം കലണ്ടർ നിശ്ചയിച്ച് നൽകുകയും ചെയ്തിരുന്നു. ഓരോ മാസവും ബ്ലോക്ക് പഞ്ചായത്തുകൾ കൈവരിക്കേണ്ട പദ്ധതി ചെലവ് കലണ്ടർ വകുപ്പ് തലത്തിൽ തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം സ.ഉ (കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14/02/2018 സബ്സിഡി ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങളും, വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതി തീരുമാനങ്ങൾ പ്രകാരമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| സി) മുൻവർഷങ്ങളെ അപേക്ഷിച്ച് 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി ചെലവ് നിലവിലെ കണക്ക് പ്രകാരം എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | സി) ഗ്രാമ/ജില്ലാ പഞ്ചായത്തുകൾ<br>28/01/2019 ലെ കണക്കനുസരിച്ച് 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി ചെലവ് ശതമാനം 60.34 ആണ്. കഴിഞ്ഞ വർഷം 31/01/2018 തീയതിയിലെ ചെലവ് ശതമാനം 37.05 ആയിരുന്നു. ആയതനുസരിച്ച് പദ്ധതി ചെലവ് 23% ശതമാനത്തിലധികം വർദ്ധിച്ചിട്ടുണ്ട്. |

**കോർപ്പറേഷൻ/മുനിസിപ്പാലിറ്റികൾ**

2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി ചെലവ് കോർപ്പറേഷനുകൾക്ക് 43.83% വും മുനിസിപ്പാലിറ്റികൾക്ക് 53.29%വും ആണ്. കഴിഞ്ഞ സാമ്പത്തിക വർഷം കോർപ്പറേഷനുകൾക്ക് 36.96%വും മുനിസിപ്പാലിറ്റികൾക്ക് 49.40%വും ആയിരുന്നു ഈ സമയത്ത് ഉണ്ടായിരുന്നത്.

**ബ്ലോക്ക് പഞ്ചായത്തുകൾ**

ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 2018-19 ൽ (31.01.2019 വരെ) 33% ശതമാനം വർദ്ധനവ് പദ്ധതി ചെലവിൽ കൈവരിച്ചിട്ടുണ്ട്.

ഡി) പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 2019-2020 സാമ്പത്തിക വർഷത്തെ പദ്ധതികൾ ജില്ലാ സമിതികളുടെ അനുമതിയ്ക്ക് സത്വരമായി സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഡി) ഉണ്ട്. പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തെ പദ്ധതികൾ ഡിസംബർ 31 നകം ജില്ലാ ആസൂത്രണ സമിതികളുടെ അനുമതിയ്ക്ക് സമർപ്പിക്കണമെന്ന നിർദ്ദേശം നൽകിയിരുന്നു. ചരിത്രത്തിലാദ്യമായി 1200 ൽ 1189 തദ്ദേശസ്ഥാപനങ്ങളും ഡിസംബർ 31 ന് മുമ്പ് തന്നെ തങ്ങളുടെ പദ്ധതികൾ ജില്ലാ ആസൂത്രണ സമിതികളുടെ അനുമതിയ്ക്ക് സമർപ്പിച്ചു. 28.01.2019 ലെ കണക്കനുസരിച്ച് 1200 ൽ 1198 തദ്ദേശ സ്ഥാപനങ്ങളും തങ്ങളുടെ പദ്ധതികൾ ജില്ലാ ആസൂത്രണ സമിതികളുടെ അനുമതിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

ഏകദേശം എല്ലാ നഗരസഭകളിലും പദ്ധതി രൂപീകരിച്ച് ഡിസംബർ മാസത്തോടെ ഡി.പി.സി അംഗീകാരം നേടിയിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ